REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 16-10-2024** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- രാജ്യത്തെ പൗരന്മാരുടെ മൗലികാവകാശങ്ങൾ സംരക്ഷിക്കാൻ പോലീസ് സംവിധാനം മുന്നോട്ടുവരേണ്ട സമയമാണിതെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ.
- ജമ്മു കശ്മീരിൽ ഒമർ അബ്ദുള്ള മന്ത്രിസഭ അധികാരമേറ്റു.
- ഇന്ന് ലോക ഭക്ഷ്യ ദിനം.
- ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട ന്യൂനമർദ്ദം ചുഴലിക്കാറ്റായി നാളെ പുലർച്ചെ പുതുച്ചേരിക്കും നെല്ലൂരിനുമിടയിൽ തീരം കടക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തമിഴ്നാട്ടിൽ കനത്ത മഴ.
- ബംഗളൂരുവിൽ ഇന്ത്യ - ന്യൂസിലാൻഡ് ഒന്നാം ക്രിക്കറ്റ് ടെസ്റ്റ് കനത്ത മഴയെ തുടർന്ന് വൈകുന്നു.

## വാർത്തകൾ വിശദമായി

**രാജ്യത്തെ പൗരന്മാരുടെ മൗലികാവകാശങ്ങൾ സംരക്ഷിക്കാൻ പോലീസ് സംവിധാനം മുന്നോട്ടുവരേണ്ട സമയമാണിതെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. രാജ്യത്തിന്റെ അതിർത്തിക്കുള്ളിൽ നടക്കുന്ന കുറ്റകൃത്യങ്ങൾ കുറയ്ക്കാൻ പോലീസ് സംവിധാനം ജാഗ്രത പാലിക്കണമെന്നും ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ പൗരന്മാർക്ക് നീതി ലഭ്യമാക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കി. IPS 2023 ബാച്ചിലെ 76 റെഗുലർ റിക്രൂട്ട്മെന്റുകളുടെ പ്രൊബേഷണർമാരുമായി ന്യൂഡൽഹിയിൽ സംവദിക്കുകയായിരുന്നു അമിത് ഷാ. നിലവിൽ**

രാജ്യത്തെ 99 ശതമാനം പോലീസ് സ്റ്റേഷനുകളും ഓൺലൈനായി മാറിയെന്ന് ആഭ്യന്തരമന്ത്രി അറിയിച്ചു.

✪✪✪

ആരോഗ്യ സംരക്ഷണം, കൃഷി, സുസ്ഥിര നഗരങ്ങൾ എന്നീ വിഷയങ്ങളിൽ കേന്ദ്രീകരിച്ചു മികവിന്റെ മൂന്ന് നിർമ്മിതബുദ്ധി കേന്ദ്രങ്ങൾ സ്ഥാപിച്ചതിനെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു. സാങ്കേതിക വിദ്യ, നവീകരണം, എ.ഐ സാങ്കേതികവിദ്യ എന്നിവയിൽ മുന്നിട്ടു നിൽക്കുന്നതിന് രാജ്യം നടത്തുന്ന സുപ്രധാന മുന്നേറ്റമാണിതെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാന്റെ സാമൂഹിക മാധ്യമ പോസ്റ്റിന് മറുപടിയായി പ്രധാനമന്ത്രി പറഞ്ഞു. മികവിന്റെ ഈ മൂന്നു കേന്ദ്രങ്ങളും രാജ്യത്തിന്റെ യുവശക്തിക്ക് ഗുണം ചെയ്യുമെന്നും ഭാവിയിലെ വളർച്ചയുടെ കേന്ദ്രമായി ഇത് രാജ്യത്തെ മാറ്റുമെന്നും നരേന്ദ്രമോദി ആത്മവിശ്വാസം പ്രകടിപ്പിച്ചു.

✪✪✪

ഷാങ്ഹായ് കോ-ഓപ്പറേഷൻ ഓർഗനൈസേഷൻ കൗൺസിൽ രാഷ്ട്രത്തലവന്മാരുടെ 23-ാമത് യോഗം പാകിസ്ഥാനിലെ ഇസ്ലാമാബാദിൽ ആരംഭിച്ചു. വിദേശകാര്യ മന്ത്രി ഡോ.S ജയശങ്കർ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. ഷാങ്ഹായ് കോ-ഓപ്പറേഷൻ ഓർഗനൈസേഷനിലും ഓർഗനൈസേഷനിലെ വിവിധ സംവിധാനങ്ങളിലും ഇന്ത്യ സജീവമായി പങ്കെടുക്കുന്നുണ്ട്. ഒമ്പത് വർഷത്തിനിടെ ആദ്യമായാണ് ഇന്ത്യൻ വിദേശകാര്യമന്ത്രി പാകിസ്ഥാനിൽ ഉന്നതതല സന്ദർശനം നടത്തുന്നത്.

ഇന്ന് രാവിലെ ഡോ. ജയശങ്കർ ഇന്ത്യൻ ഹൈക്കമ്മീഷനിൽ ഏക് പേഡ് മാം കെ നാം എന്ന ക്യാമ്പയിനിന്റെ ഭാഗമായി വൃക്ഷത്തൈ നട്ടു.

✪✪✪

കേന്ദ്രഭരണ പ്രദേശമായ ജമ്മു കശ്മീരിൽ നാഷണൽ കോൺഫറൻസ് വൈസ് പ്രസിഡന്റ് ഒമർ അബ്ദുള്ള മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. ഒമർ അബ്ദുള്ളക്കും മന്ത്രി സഭാംഗങ്ങൾക്കും ശ്രീനഗറിലെ ലോക പ്രസിദ്ധമായ ദാൽ തടാക തീരത്ത് സ്ഥിതി ചെയ്യുന്ന ഷെരെ കശ്മീർ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ സത്യവാചകം ചൊല്ലികൊടുത്തു.

കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ, ലോക്സഭയിലെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, സമാജ് വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവ്, എന്നിവരും ഇന്ത്യാ ബ്ലോക്ക് നേതാക്കളും സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുത്തു.

✪✪✪

വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിലെ എല്ലാ ജീവനക്കാർക്കും ഓൺലൈൻ പഠനം സുഗമമാക്കുന്നതിന് ഐഗോട്ട് ലാബ് സ്ഥാപിക്കാൻ കേന്ദ്ര സഹമന്ത്രി ഡോ.L.മുരുകൻ നിർദ്ദേശം നൽകി.

ഇൻഫർമേഷൻ ആൻഡ് ബ്രോഡ്കാസ്റ്റിംഗ് സെക്രട്ടറി സഞ്ജയ് ജാജുവും മറ്റ് മുതിർന്ന ഉദ്യോഗസ്ഥരുമായി നടത്തിയ അവലോകന യോഗത്തിൽ, എല്ലാ മന്ത്രാലയ ജീവനക്കാരും ശനിയാഴ്ചക്കകം ഐഗോട്ട് പോർട്ടലിൽ കയറണമെന്ന് ഡോ. മുരുകൻ നിർദ്ദേശിച്ചു. ബജറ്റ് മാനേജ്മെന്റ്, ജെൻഡർ സെൻസിറ്റൈസേഷൻ, ലീഡർഷിപ്പ്, ടീം ബിൽഡിംഗ് എന്നിവയുൾപ്പെടെ 16 കോഴ്സുകൾ തിരഞ്ഞെടുക്കാൻ മന്ത്രാലയം ശുപാർശ ചെയ്തിട്ടുണ്ട്.

പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനായി, ഓരോ പാദത്തിലും ഏറ്റവും കൂടുതൽ കോഴ്സുകൾ പൂർത്തിയാക്കുന്ന ജീവനക്കാരെ അനുമോദിക്കാനും മന്ത്രാലയം തീരുമാനിച്ചു.

✪✪✪

വഖഫ് ഭേദഗതി ബില്ലിന്മേൽ സംയുക്ത പാർലമെന്ററി സമിതി ന്യൂഡൽഹിയിൽ ചർച്ച നടത്തി. ലോക്സഭാ MP ജഗദാംബിക പാലിന്റെ അധ്യക്ഷതയിലായിരുന്നു യോഗം. ബില്ലിനെക്കുറിച്ച് സമിതി ന്യൂനപക്ഷകാര്യ മന്ത്രാലയത്തിന്റെ പ്രതിനിധികളിൽ നിന്ന് വാക്കാൽ തെളിവെടുത്തു. പാർലമെന്റ് ശീതകാല സമ്മേളനത്തിന്റെ ആദ്യ ആഴ്ച സംയുക്ത പാർലമെന്ററി സമിതി റിപ്പോർട്ട് സമർപ്പിക്കും.

✪✪✪

മഹാരാഷ്ട്രയിൽ രണ്ടു ദിവസത്തിനകം ആദ്യഘട്ട സ്ഥാനാർത്ഥി പട്ടിക പ്രഖ്യാപിക്കുമെന്ന് NDA യും ഇന്ത്യാബ്ലോക്കും വ്യക്തമാക്കി. മഹാരാഷ്ട്രയുടെ തിരഞ്ഞെടുപ്പ് ചുമതല വഹിക്കുന്ന BJP നേതാവ് V മുരളീധരനും, AICC നിരീക്ഷകൻ രമേശ് ചെന്നിത്തലയുമാണ് ഇക്കാര്യം അറിയിച്ചത്.

✪✪✪

ഇന്ന് ലോക ഭക്ഷ്യ ദിനം. "മികച്ച ജീവിതത്തിനും മെച്ചപ്പെട്ട ഭാവിക്കുമായി ഭക്ഷണത്തിന് അവകാശം" എന്നതാണ് ഈ വർഷത്തെ പ്രമേയം.

സുസ്ഥിര ഭക്ഷ്യ സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനിടയിൽ ആഗോള പട്ടിണി, ഭക്ഷ്യ സുരക്ഷാ പ്രശ്നങ്ങൾ എന്നിവയെക്കുറിച്ച് അവബോധം വളർത്തുന്നതിനാണ് ഒക്ടോബർ 16 ഭക്ഷ്യ ദിനമായി ആചരിക്കുന്നത്.

✪✪✪

കണ്ണൂർ A.D.M കെ.നവീൻ ബാബുവിന്റെ മൃതദേഹം കണ്ണൂർ ഗവ. മെഡിക്കൽ കോളജിൽ പോസ്റ്റ് മോർട്ടത്തിന് ശേഷം പുലർച്ചെ ബന്ധുക്കൾ ഏറ്റുവാങ്ങി സ്വദേശമായ പത്തനംതിട്ടയിലേക്ക് കൊണ്ടുപോയി.

ഉച്ചയോടെ പത്തനംതിട്ടയിലെത്തിക്കുന്ന മൃതദേഹം മോർച്ചറിയിൽ സൂക്ഷിക്കും. നാളെ കളക്ടറേറ്റിൽ പൊതുദർശനത്തിനു ശേഷം മലയാലപ്പുഴ പത്തിശ്ശേരിയിലെ കാരുവള്ളിയിലെ വീട്ടിൽ സംസ്കരിക്കും .

✪✪✪

കണ്ണൂർ ADM നവീൻ ബാബു ജീവനൊടുക്കിയ സംഭവം ദൗർഭാഗ്യകരമെന്ന് സ്പീക്കർ AN ഷംസീർ പറഞ്ഞു . എല്ലാ പൊതു പ്രവർത്തകർക്കും ഇത് പാഠമാണെന്നും സംഭവം സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് ഗൗരവമായി അന്വേഷിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ടെന്നും അദ്ദേഹം മാധ്യമങ്ങളോടു പറഞ്ഞു.

✪✪✪

കെ.നവീൻ ബാബുവിന്റെ മരണത്തെ തുടർന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിനെതിരെ നടപടി ആവശ്യപ്പെട്ട് വിവിധ സംഘടനകളുടെ നേതൃത്വത്തിൽ കണ്ണൂരിൽ പ്രതിഷേധ സമരങ്ങൾ തുടരുന്നു. കലക്ടറേറ്റിന് മുന്നിൽ ജില്ലാ കോൺഗ്രസ് കമ്മിറ്റി, ജില്ലാ മുസ്ലിം ലീഗ് കമ്മിറ്റി, എന്നിവരുടെ നേതൃത്വത്തിൽ ധർണ സമരം നടക്കുകയാണ്, ഭരണാനുകൂല സംഘടനയായ NGO യൂണിയനും കേരള ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷനും സംയുക്തമായി കലക്ടറേറ്റിനു മുന്നിൽ പ്രതിഷേധ പ്രകടനം നടത്തി.

പണിമുടക്കിയ റവന്യൂ ജീവനക്കാരും, എൻജിഒ അസോസിയേഷൻ പ്രവർത്തകരും പ്രതിഷേധ പ്രകടനം നടത്തി. കണ്ണൂർ കോർപ്പറേഷനകത്ത് ബിജെപി പ്രഖ്യാപിച്ച ഹർത്താൽ പൂർണ്ണമാണ്. വാഹനങ്ങളെയും അവശ്യ സർവീസുകളെയും ഹർത്താലിൽ നിന്ന് ഒഴിവാക്കി. കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് P.P ദിവ്യക്കെതിരെ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ട് ബിജെപിയുടെ നേതൃത്വത്തിൽ ഇരിണാവിലെ വീട്ടിലേക്ക് നടത്തിയ മാർച്ച് പോലീസ് തടഞ്ഞു. തുടർന്ന് ധർണ്ണ ബിജെപി ദേശീയ ഉപാധ്യക്ഷൻ എപി അബ്ദുള്ളക്കുട്ടി ഉദ്ഘാടനം ചെയ്തു.

✪✪✪

തെക്കു-പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിലെ ന്യൂനമർദ്ദം മണിക്കൂറിൽ 12 കിലോമീറ്റർ വേഗത്തിൽ, പടിഞ്ഞാറ് - വടക്കു പടിഞ്ഞാറ് ദിശയിലേക്കു നീങ്ങി ചെന്നൈയിൽ നിന്ന് 360 കിലോമീറ്റർ കിഴക്കും, നെല്ലൂരിൽ നിന്ന് 450 കിലോമീറ്റർ തെക്കു-കിഴക്കും മേഖലയിൽ കേന്ദ്രീകരിച്ചതായി കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു.

നാളെ അതിരാവിലെ ന്യൂനമർദ്ദം പടിഞ്ഞാറ്- വടക്കു പടിഞ്ഞാറ് ദിശയിൽ സഞ്ചരിച്ച് വടക്കൻ തമിഴ്നാടിനും തെക്കൻ ആന്ധ്ര തീരത്തിനും ഇടയിൽ തീരം കടക്കാൻ സാധ്യതയുണ്ട്. ഇതേ തുടർന്ന് ചെന്നൈ, കടലൂർ, എന്നോർ, കാട്ടുപ്പള്ളി, പുതുച്ചേരി എന്നിവിടങ്ങളിൽ കൊടുങ്കാറ്റ് മുന്നറിയിപ്പ് നൽകി .

✪✪✪

ചെന്നൈയിലും സമീപ പ്രദേശങ്ങളിലും കനത്ത മഴ തുടരുന്നു. ചെങ്കൽപേട്ട്, കാഞ്ചീപുരം, തിരുവള്ളൂർ ജില്ലകളിൽ ഗതാഗത സംവിധാനങ്ങൾ തകരാറിലായതായി റിപ്പോർട്ടുണ്ട്.

✪✪✪

സംസ്ഥാനത്ത് ഞായറാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് മലപ്പുറം, കണ്ണൂർ ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. തിരുവനന്തപുരം, കൊല്ലം ഒഴികെ ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി.

കേരള - കർണ്ണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിനു സാധ്യതയുണ്ടെന്നും, മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

കനത്ത മഴയെ തുടർന്ന് ബംഗളൂരുവിൽ ഇന്ത്യ- ന്യൂസിലാൻഡ് ഒന്നാം ക്രിക്കറ്റ് ടെസ്റ്റ് വൈകുന്നു. മഴയെത്തുടർന്ന് ടോസിടാനായില്ല. ഒന്നാം ടെസ്റ്റ് രാവിലെ ഒൻപതരയ്ക്ക് ആരംഭിക്കാനിരുന്നതായിരുന്നു.

✪✪✪

സ്റ്റോക്ക് ഹോം ഓപ്പൺ ടെന്നീസ് ടൂർണമെന്റിന്റെ പുരുഷ വിഭാഗം ഡബിൾസിൽ ഇന്ത്യയുടെ വിജയ് സുന്ദർ പ്രശാന്ത് - ജീവൻ നെടുഞ്ചളിയൻ സഖ്യം ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു. സ്വീഡിഷ് ജോഡികളായ ഫിലിപ് ബർഗവി - എറിക് ഗ്രവലിയസ് സഖ്യത്തെയാണ് ഇവർ തോൽപ്പിച്ചത്.

✪✪✪

യൂറോപ്യൻ രാജ്യങ്ങളിൽ കേരളാ ടൂറിസം നടത്തിയ മാർക്കറ്റിംഗ് ക്യാംപെയിനുകൾ വിജയം കാണുന്നതായി  മന്ത്രി മുഹമ്മദ് റിയാസ് അറിയിച്ചു. പ്രമുഖ ട്രാവൽ വെബ്സൈറ്റായ സ്കൈ സ്കാന്നറിന്റെ പുതിയ പഠനം അനുസരിച്ച് 2025 ൽ വിനോദസഞ്ചാരികൾ യാത്ര ചെയ്യാനിഷ്ടപ്പെടുന്ന ലോകത്തെ ട്രെൻഡിംഗ് ഡെസ്റ്റിനേഷനായി തിരുവനന്തപുരത്തെ തിരഞ്ഞെടുത്തതായും അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

പുതിയ വ്യാവസായിക യുഗത്തിന് നൂതനാശയങ്ങൾ, സാങ്കേതികവിദ്യകൾ, സാമൂഹിക പ്രത്യാഘാതങ്ങൾ എന്നിവ സംബന്ധിച്ച് ദീർഘവീക്ഷണത്തോടെ കേരളത്തിലെ സഹകാരികൾ കാഴ്ചപ്പാടുകൾ വികസിപ്പിക്കണമെന്ന് മന്ത്രി VN.വാസവൻ പറഞ്ഞു. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി കോഴിക്കോട്ട് സംഘടിപ്പിച്ച  നാല് ദിവസത്തെ രാജ്യാന്തര സഹകരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

തുലാമാസ പൂജകൾക്കായി ശബരിമല നട വൈകിട്ട് അഞ്ചിനു തുറക്കും. ശബരിമലയിലേയും മാളികപുറത്തേയും പുതിയ മേൽശാന്തിമാരെ തെരെഞ്ഞെടുക്കുന്നതിന്  നെറുക്കെടുപ്പ് തുലാം ഒന്നായ നാളെ രാവിലെ നടക്കും. ശബരിമലയിലേക്ക് 25 പേരും മാളികപ്പുറത്തേക്ക് 15 പേരുമാണ് നറുക്കെടുപ്പിന്റെ പ്രാഥമിക പട്ടികയിൽ  ഉൾപ്പെട്ടിട്ടുള്ളത്.

✪✪✪